I/5526648/2022

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡി.ബി1/307/2022/തസ്വഭവ
തദ്ദേശ സ്വയം ഭരണ (ഡി.ബി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-12-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ പുതുക്കുന്നത്-സംബന്ധിച്ച്

സൂചന:- 29.09.2022 ലെ സ.ഉ.(സാധാ) 2379/2022/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ്

**********************

തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലാനുസൃതമായി പുതുക്കാത്തതിനാൽ സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഫോർമുല പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നിശ്ചയിച്ചതിൽ അപാകത വന്നതായി പരാതി ഉയർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തെ ഫണ്ട് വിതരണം കുറ്റമറ്റമാക്കുന്നതിന് സൂചന സർക്കാർ ഉത്തരവ് പ്രകാരം ഉന്നത ഉദ്യോഗസ്ഥതല കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ആസ്തി രജിസ്റ്റർ പുതുക്കുന്നതിനുള്ള ഉത്തരവാദിത്വം നൽകിയിരുന്നു. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുത്തിട്ടില്ലെന്ന് മനസ്സിലാക്കുന്നു. അതിനാൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളുകയും 2022 ഡിസംബർ 14-നുള്ളിൽ ആസ്തി പുതുക്കുന്നതിനാവശ്യമായ വിഷയത്തിൽ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുമായി സഹകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഉത്തരവിൻ പ്രകാരം

SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തസ്വഭവകുപ്പ്, തിരുവനന്തപുരം

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം.

LSG GUIDE

LSG GUIDE